## കേരഫെഡ് ഉയർന്ന നിരക്കിൽ കോപ്ര വാങ്ങുന്നത് അന്വേഷിക്കണമെന്ന് ആവശ്യം

**മട്ടാഞ്ചേരി:** അന്തർസംസ്ഥാന കച്ചവടക്കാരുടെ സമ്മർദത്തിനു വഴങ്ങി മാർക്കറ്റ് വിലയേക്കാൾ ഉയർന്ന തുക നൽകി കേരഫെഡ് കൊപ്ര വാങ്ങുന്നതു സർക്കാർ അന്വേഷിക്കണമെന്നു കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസോസിയേഷൻ (കോമ). മാർക്കറ്റ് വില കിലോയ്ക്ക് 133 രൂപ വിലയുള്ളപ്പോൾ തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ നിന്ന് 142 രൂപയ്ക്കാണ് കേരഫെഡ് കൊപ്ര വാങ്ങുന്നത്. സംസ്ഥാനത്തെ കർഷകർക്ക് ഇതുമൂലം ഒരു മെച്ചവുമില്ല. കേരഫെഡ് ഈ രീതിയിൽ വാങ്ങൽ തുടർന്നാൽ എണ്ണയാട്ടുമില്ലുകൾ പൂട്ടേണ്ടിവരുമെന്നും ഭാരവാഹികൾ പറഞ്ഞു. തമിഴ്നാട്ടിലെ കാങ്കയം മാർക്കറ്റിൽ കൊപ്ര കിലോ 128 രൂപയിലും വെളിച്ചെണ്ണ 192 രൂപയിലുമാണ് ഇന്നലെ വിൽപ്പന നടന്നത്. സാഹചര്യം ഇതായിരിക്കെ ഉയർന്ന നിരക്കിൽ കേരഫെഡ് കൊപ്ര വാങ്ങുന്നതിൽ അഴിമതിയുണ്ട്. ഇക്കാര്യം അന്വേഷിച്ച് സർക്കാർ നടപടി സ്വീകരിക്കണമെന്ന് കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് തലത്ത് മെഹമൂദ് ആവശ്യപ്പെട്ടു. മാസങ്ങളായി വെളിച്ചെണ്ണ– കൊപ്ര വില കൂപ്പുകുത്തുന്നതിനിടെയാണ് ആഭ്യന്തര കർഷകരെ ഒഴിവാക്കി അയൽസംസ്ഥാനങ്ങളിൽനിന്ന് കേരഫെഡ് കൊപ്ര വാങ്ങുന്നത്. ഇതു കേരകർഷകർക്ക് ഇരുട്ടടിയാണെന്ന് വെളിച്ചെണ്ണ വ്യാപാരികൾ ആരോപിച്ചു.

**BEFORE THE MOTOR ACCIDENT CLAIMS TRIBUNAL-II (SPECIAL SUB - JUDGE) AT THIRUVALLUR**
**M.C.O.P.No. 89 of 2025**
Anand, S/o. Perumal
Vs. ....... Petitioner
1. Abibulla, 2. The Manager, Acko Gen, Insurance Company Ltd. ...... Respondents
To: Abibulla: Masthan
S/o. Masthan, Ambiga Nivas, Thacheriparambil Bye Line, Kadavil Road, Vyttila Post, Ernakulam, Kerala-682 019.
.........1st Respondent
**NOTICE**
Please take notice that the above petitioner has filed the above MACTOP before MACT-II, Tiruvallur for claiming Compensation for under sec.166 of M.V. Act. The above case stands posted on 06.07.2026 at 10.30 am for your appearance either in person or through counsel failing which the case will be decided exparte.
Counsel for Petitioner
G.RAJA RENIN, B.A.,B.L. Advocate

**BEFORE THE MOTOR ACCIDENT CLAIMS TRIBUNAL-II (SPECIAL SUB - JUDGE) AT THIRUVALLUR**
**M.C.O.P.No. 91 of 2025**
Murugan,S/o. Venu ... Petitioner
Vs 1. Abibulla, 2. The Manager, Acko Gen, Insurance Company Ltd. ...... Respondents
To: Abibulla: Masthan
S/o. Masthan, Ambiga Nivas, Thacheriparambil Bye Line, Kadavil Road, Vyttila Post, Ernakulam, Kerala-682 019.
.........1st Respondent
**NOTICE**
Please take notice that the above petitioner has filed the above MACTOP before MACT-II, Tiruvallur for claiming Compensation for under sec.166 of M.V. Act. The above case stands posted on 06.07.2026 at 10.30 am for your appearance either in person or through counsel failing which the case will be decided exparte.
Counsel for Petitioner
G.RAJA RENIN, B.A.,B.L. Advocate

**MANAPPURAM FINANCE LTD.**
CIN: L65910KL1992PLC006623, Registered Office : W - 4/ 638A, Manappuram House, P.O. Valapad, Thrissur - 680 567, Kerala, India
**സ്വർണ്ണലേല അറിയിപ്പ്**
ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ അതാത് ശാഖകളിൽ വച്ച് 16/07/2026 തിയ്യതികളിൽ രാവിലെ 10.00 മണി മുതൽ പരസ്യമായി ലേലം ചെയ്യുന്നതാണെന്ന് പൊതു ജനങ്ങളേയും പണയ ഇടപാടുകാരെയും പ്രത്യേകിച്ചും ഇതിനാൽ അറിയിക്കുന്നു. സ്വർണ്ണാഭരണങ്ങൾ കമ്പനിയിൽ പണയം വയ്ക്കുകയും കാലാവധി കഴിഞ്ഞതിനെ തുടർന്നു രജിസ്റ്റേർഡ് പോസ്റ്റായി അയച്ച കത്തുകൾ വഴി അറിയിച്ചിട്ടും പണയം വച്ച സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുത്ത് ഇടപാടുകൾ അവസാനിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത വിവിധ ആളുകളുടെ പണയ ഉരുപ്പടികൾ ആണ് ഇപ്പോൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ലേലത്തിന് വയ്ക്കുന്ന പണയ ഉരുപ്പടികളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ലേലത്തിൽ പോകാതെ ബാക്കിവരുന്ന പണയ ഉരുപ്പടികൾ മറ്റൊരു അറിയിപ്പും നൽകാതെ വരും തീയ്യതികളിൽ ലേലം ചെയ്യുന്നതുമാണ്. ലേലത്തിന്റെ സ്ഥലത്തിലും തീയ്യതിയിലും എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ മുകളിൽ നൽകിയിട്ടുള്ള ലേല തീയ്യതിയിൽ അതാത് ലേല സ്ഥലത്ത് പ്രദർശിപ്പിക്കുന്നതും കമ്പനിയുടെ വെബ്സൈറ്റിൽ ഇടുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതുമല്ല
ശാഖകളുടെ പട്ടിക ബ്രാഞ്ചിന്റെ പേര് / പണയ നമ്പർ :
എറണാകുളം, അങ്ങിപ്പുളളി കാവ്, 010561070005 7192, 7216, 010561073001 2994, അങ്കമാലി, 0130510700019733, 9742, ചിറ്റൂർ കൊച്ചിൻ, 0100060707145877, ഇടക്കൊച്ചി, 0106510700074585, ഇളമക്കര, 0132940700017540, 7555, ഫോർട്ട് കൊച്ചി, 0107270700061591, 1600, ഗവ. ഹോസ്പിറ്റൽ ജംഗ്ഷൻ കോതമംഗലം, 0131120700025095, കലൂർ, 0100650730027978, 7979, കത്രിക്കടവ്, 0111020730011247, കോലഞ്ചേരി, 0114100730007893, മാളികംപീടിക, 0113890700037820, 7837, 0113890730016062, മഞ്ഞാലി, 0115230700034799, 0115230730008091, മണ്ണൂർ, 0115140700035154, 5174, നീലേശ്വരം മറ്റൂർ, 0116180730007137, പേട്ട, 0105870700061972, പോഞ്ഞശ്ശേരി, 0115100700042502, 2528, പൂത്തോട്ട, 0107240730012072, പുത്തൻവേലിക്കര, 0119270730009453, രവിപുരം, 0111390730013109, 3213, ശ്രീമൂലനഗരം, 0117360700028454, തൈക്കാവ്, 0128260700017106, തൃപ്പൂണിത്തുറ, 0104090730020951, 1033, വാഴക്കുളം ആലുവ, 0117090700030913, വൈറ്റില, 0111860730022749,
മേൽപ്പറഞ്ഞ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇനിപ്പറയുന്നവ പാലിക്കേണ്ടതാണ്: – താല്പര്യമുള്ള ലേലക്കാർ ലേലത്തിന്റെ അതേ ദിവസം EMD എന്ന നിലയിൽ രൂ. 10,000/- (വിജയിക്കാത്ത ലേലക്കാർക്ക് മടക്കി നൽകുന്നതാണ്) NEFT/RTGS മുഖേന സമർപ്പിക്കേണ്ടതാണ്. ലേലക്കാർ സാധുവായ തിരിച്ചറിയൽ കാർഡ്/പാൻ കാർഡ് കൈവശം കരുതിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9072607147 എന്ന നമ്പറിൽ ബന്ധപ്പെടുക.
അധികാരപ്പെട്ട ഉദ്യോഗസ്ഥൻ
മണപ്പുറം ഫിനാൻസ് ലിമിറ്റഡ്.

**കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്**
**ടെൻഡർ പരസ്യം**
നമ്പർ: AE/KBLM/2026-27/18 തീയതി: 24/06/2026
കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 6 നിർമ്മാണ പദ്ധതികൾ (2 റീ ടെണ്ടർ പ്രവൃത്തി ഉൾപ്പെടെ) ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടറുകളെ കുറിച്ച് നിലവിലുള്ള എല്ലാ സർക്കാർ ഉത്തരവുകളും ചട്ടങ്ങളും ഈ-ടെണ്ടറിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾ www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ നിന്നും ലഭ്യമാണ്.
(ഒപ്പ്) അസിസ്റ്റന്റ് എഞ്ചിനീയർ,
LID & EW സെക്ഷൻ, കിഴക്കമ്പലം

**അസിസ്റ്റന്റ് എഞ്ചിനിയറുടെ കാര്യാലയം**
എൽ.ഐ.ഡി & ഇ.ഡബ്ല്യു സെക്ഷൻ, കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്
No: AE/KBLM/2026-27/19 തീയതി: 25/06/2026
**ക്വട്ടേഷൻ നോട്ടീസ്**
എൽ.ഐ.ഡി & ഇ.ഡബ്ല്യു സെക്ഷൻ കിഴക്കമ്പലം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് സംബന്ധമായ യാത്രകൾക്കായി 1 വർഷ കാലയളവിലേക്ക് നിശ്ചിത പ്രതിമാസ തുകയ്ക്ക് ടാക്സി വാഹനങ്ങൾ ലഭ്യമാക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി: 08/07/2026 11:00 A.M. ക്വട്ടേഷൻ തുറക്കുന്ന സമയം: 08/07/2026 1:00 P.M. ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം:, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.ഐ.ഡി & ഇ.ഡബ്ല്യു സെക്ഷൻ, കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്, കിഴക്കമ്പലം പി.ഒ., എറണാകുളം 683562.

**കേരള സംസ്ഥാന ഭാഗ്യക്കുറി SUVARNA KERALAM SK 58 DRAW RESULT 26/06/2026**
ഒന്നാം സമ്മാനം ₹ 1 കോടി RW 618248 കൊല്ലം
സമാശ്വാസ സമ്മാനം ₹ 5000: RN 618248 RO 618248 RP 618248 RR 618248 RS 618248 RT 618248 RU 618248 RV 618248 RX 618248 RY 618248 RZ 618248
രണ്ടാം സമ്മാനം ₹30 ലക്ഷം RV 890583 കണ്ണൂർ
മൂന്നാം സമ്മാനം ₹5 ലക്ഷം RV 374659 ആലപ്പുഴ
നാലാം സമ്മാനം ₹5000: 0268 0365 0522 0577 0854 1052 1220 1942 2676 3088 4754 5374 6004 7675 7779 7857 8335 9842 9998
അഞ്ചാം സമ്മാനം ₹2000: 0183 0808 5291 5675 9089 9410
ആറാം സമ്മാനം ₹1000: 0199 0623 0747 0753 1248 1303 1459 1726 2172 2295 2727 2943 3176 3314 3584 3643 4096 5242 5934 6232 6459 6541 7438 8239 9403
ഏഴാം സമ്മാനം ₹500: 0067 0116 0284 0446 0939 1096 1293 1341 1381 1655 1863 2227 2308 2558 2629 2636 2729 2752 2780 2854 3001 3246 3274 3446 3531 3641 3663 3811 3892 4078 4186 4218 4251 4376 4390 4869 4933 4980 5170 5466 5560 5752 5806 5925 5950 6116 6637 6638 6695 6708 6944 6956 6995 7058 7134 7179 7277 7298 7491 7578 7671 7781 7960 8019 8114 8795 8872 8885 8897 8908 8967 8989 9122 9193 9448 9754
എട്ടാം സമ്മാനം ₹200: 0170 0378 0567 0569 0670 0862 0973 1011 1045 1053 1246 1257 1562 1610 1705 1743 1866 2016 2022 2126 2133 2197 2277 2354 2375 2380 2463 2524 2601 2734 2787 2911 2967 3083 3654 3656 3699 3730 3812 3827 4087 4094 4135 4406 4407 4605 4646 4674 4770 4829 4912 4914 4952 5005 5006 5121 5343 5584 5834 5877 6094 6133 6342 6408 6621 6639 7082 7098 7152 7306 7518 7607 7921 7957 8125 8331 8341 8431 8480 8540 8594 8962 9021 9034 9042 9156 9249 9401 9800 9825 9886 9893
ഒൻപതാം സമ്മാനം ₹100: 0247 0439 0535 0651 0686 0704 0717 0846 0864 1041 1078 1331 1366 1407 1416 1458 1484 1502 1514 1535 1547 1939 2015 2085 2159 2162 2312 2347 2450 2486 2513 2525 2626 2767 2784 2814 3054 3075 3259 3318 3347 3380 3556 3684 3952 3968 4133 4194 4287 4392 4480 4497 4521 4553 4558 4713 4788 4801 4922 4931 5000 5042 5045 5051 5063 5073 5087 5124 5196 5206 5250 5355 5426 5493 5516 5658 5765 5773 5889 5926 6149 6194 6418 6533 6539 6579 6594 6673 6704 6718 6818 6883 6893 6987 7009 7060 7079 7100 7109 7130 7196 7255 7314 7705 7708 7726 7741 7754 7792 7794 7834 7856 7933 8077 8089 8127 8194 8497 8523 8581 8718 8818 8901 8955 8995 9007 9209 9363 9546 9599 9617 9625 9657 9662 9713 9742 9778 9815 9821 9854 9888 9900 9934 9973

## പുഴയിൽ അമ്മയുടെയും രണ്ടു വയസുള്ള ആൺകുഞ്ഞിന്റെയും മൃതദേഹം കണ്ടെത്തി

**പിറവം:** അമ്മയുടെയും ഏകദേശം രണ്ടു വയസുള്ള ആൺകുഞ്ഞിന്റെയും മൃതദേഹം പുഴയിൽ കണ്ടെത്തി. മുളക്കുളം പാലത്തിനു സമീപമാണ് മൃതദേഹങ്ങൾ കണ്ടത്.

ഒഴുകിയെത്തിയ കുട്ടിയുടെ മൃതദേഹമാണ് ആദ്യം നാട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടത്. പാവയാണെന്നാണ് ആദ്യം കരുതിയത്. എന്നാൽ, 35 വയസ് തോന്നിക്കുന്ന സ്ത്രീയുടെ മൃതദേഹം കൂടി പിന്നാലെ കണ്ടെത്തി. അമ്മയുടെ മൃതദേഹം പിറവം പോലീസ് സ്റ്റേഷൻ പരിധിയിലും കുട്ടിയുടെ മൃതദേഹം വെള്ളൂർ പോലീസ് സ്റ്റേഷൻ പരിധിയിലുമായിരുന്നു കണ്ടത്. രണ്ടു മൃതദേഹങ്ങളും പിറവം താലൂക്ക് ആശുപത്രി മോർച്ചറിയിലേക്കു മാറ്റി. ഇരുവരെയും തിരിച്ചറിഞ്ഞിട്ടില്ല. പോലീസ് സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിച്ചു.

## ഏറ്റുമാനൂർ ക്ഷേത്രത്തിലെ ഏഴരപ്പൊന്നാന പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഹൈക്കോടതി ഉത്തരവ്

**കൊച്ചി:** ഏറ്റുമാനൂർ ക്ഷേത്രത്തിലെ ഏഴരപ്പൊന്നാന പൊതിഞ്ഞിരുന്ന സ്വർണപ്പാളികൾ നവീകരണ ജോലികൾക്കിടെ മാറ്റി ചെമ്പ് പോലെ മൂല്യം കുറഞ്ഞ ലോഹങ്ങൾ സ്ഥാപിച്ചെന്ന പരാതിയിൽ പരിശോധനയ്ക്ക് ഉത്തരവിട്ട് ഹൈക്കോടതി.

എ.ജി. പ്രസാദ് കുമാർ എന്ന ഭക്തൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ചീഫ് വിജിലൻസ് ആൻഡ് സെക്യൂരിറ്റി ഓഫീസർ ഏഴരപ്പൊന്നാന പരിശോധിച്ചു റിപ്പോർട്ട് നൽകാനാണ് ജസ്റ്റിസ് വി. രാജ വിജയരാഘവൻ, കെ.വി. ജയകുമാർ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. ക്ഷേത്രത്തിലെ രജിസ്റ്ററുകളും ഏഴരപ്പൊന്നാനയും നേരിട്ടു പരിശോധിക്കാനും സ്വർണത്തിന്റെ തൂക്കവും നിലവാരവും മറ്റും ഉറപ്പുവരുത്താൻ സ്വർണപ്പണിക്കാരന്റെ സേവനം തേടാനും നിർദേശിച്ചിട്ടുണ്ട്.

ക്രമക്കേടു നടന്നതിനു രേഖകളില്ലെന്ന അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും അസിസ്റ്റന്റ് ദേവസ്വം കമ്മിഷണറുടെയും റിപ്പോർട്ടുകൾ കോടതി പരിശോധിച്ചിരുന്നു. ഇത് അവിശ്വസിക്കേണ്ട സാഹചര്യമില്ലെങ്കിലും ആരോപണങ്ങളുടെ നിജസ്ഥിതി അന്വേഷിക്കേണ്ടതുണ്ടെന്നു കോടതി വ്യക്തമാക്കി. തുടർന്ന് ഹർജി അടുത്ത മാസം 31 നു പരിഗണിക്കാൻ മാറ്റി.

● അമൃത സ്കൂൾ ഓഫ് ആയുർവേദ.

## ധന്യൻ മാർ ഇവാനിയോസ് ഓർമപ്പെരുന്നാൾ ഒന്നുമുതൽ

### ● റാന്നി പെരുനാട്ടിൽനിന്നു തീർഥാടന പദയാത്ര 10ന്

**തിരുവനന്തപുരം:** മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശിൽപിയും തിരുവനന്തപുരം അതിരൂപത പ്രഥമ മെത്രാപ്പോലീത്തയും ബഥനി സ്ഥാപകനുമായ ധന്യൻ ആർച്ച് ബിഷപ് മാർ ഇവാനിയോസ് മെത്രാപ്പോലീത്തയുടെ എഴുപത്തിമൂന്നാമത് ഓർമ്മപ്പെരുന്നാൾ ഒന്നു മുതൽ 15 വരെ കബറിടം സ്ഥിതിചെയ്യുന്ന തിരുവനന്തപുരം പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിൽ നടക്കും. 15 നു സി.ബി.സി.ഐ. പ്രസിഡന്റും ഹൈദരാബാദ് ആർച്ച് ബിഷപ്പുമായ കർദിനാൾ ആന്റണി പൂള മുഖ്യാതിഥിയായിരിക്കും.

അടുത്ത ഒന്നിനു വൈകിട്ട് അഞ്ചിനു കുർബാനയ്ക്കു തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ ബിഷപ് യൂഹാനോൻ മാർ അലക്സിയോസ് നേതൃത്വം നൽകും. തുടർന്നുള്ള ദിവസങ്ങളിൽ കൂരിയാ മെത്രാൻ ബിഷപ് ആന്റണി മാർ സിൽവാനോസ്, വിവിധ ഭദ്രാസന വികാരി ജനറൽമാരായ വെരി.റവ. ജോസ് കോന്നത്തുവിള (പാറശാല), വെരി.റവ. ജോബ് കല്ലുവിള (മാവേലിക്കര), വെരി. റവ. തോമസ് കയ്യാലയ്ക്കൽ (തിരുവനന്തപുരം), റൈറ്റ് റവ. തോമസ് ഞാറയ്ക്കാട് കോർ എപ്പിസ്കോപ്പ (മൂവാറ്റുപുഴ), വെരി.റവ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി. (ഡൽഹി ഗുഡ്ഗാവ്) വെരി.റവ. ഐസക് പറപ്പള്ളിൽ (തിരുവല്ല), റൈറ്റ് റവ. എൽദോ പുത്തംകണ്ടത്തിൽ കോർ എപ്പിസ്കോപ്പ (പുത്തൂർ), ബഥനി സന്യാസ സമൂഹാധ്യക്ഷൻ വെരി.റവ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി, മലങ്കര മേജർ സെമിനാരി റെക്ടർ വെരി.റവ. ജിജി ഫിലിപ് ചരിവുപുരയിടം എന്നിവർ കുർബാനയ്ക്കു നേതൃത്വം നൽകും. നാലിനു ലത്തീൻ ക്രമത്തിൽ വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ബിഷപ് ഡോ. ആന്റണി വാലുങ്കലും 10 നു സിറോ മലബാർ ക്രമത്തിൽ തക്കല രൂപതാധ്യക്ഷൻ ബിഷപ് ഡോ. ജോർജ് രാജേന്ദ്രനും 9ൻപതിനു തമിഴ് ഭാഷയിൽ മാർത്താണ്ഡം ഭദ്രാസന വികാരി ജനറൽ ജോസ് ബ്രൈറ്റും കുർബാനയർപ്പിക്കും. 14 നു വൈകിട്ട് അഞ്ചിനു വിവിധ കേന്ദ്രങ്ങളിൽനിന്നുള്ള തീർഥാടന പദയാത്ര സംഘങ്ങൾ കബറിടത്തിൽ എത്തിച്ചേരും.

സന്ധ്യാപ്രാർഥനയ്ക്കുശേഷം നടക്കുന്ന മെഴുകുതിരി പ്രദക്ഷിണം ദേവാലയത്തിൽനിന്നാരംഭിച്ച് വിശുദ്ധ ജോൺ പോൾ രണ്ടാമൻ ഗേറ്റ് വഴി കാതോലിക്കേറ്റ് സെന്റർ, സെന്റ് മേരീസ് സ്കൂൾ അങ്കണം വഴി കത്തീഡ്രൽ ഗേറ്റിലൂടെ കബറിടത്തിൽ സമാപിക്കും.

ഓർമ്മപ്പെരുന്നാൾ ദിവസമായ 15 നു രാവിലെ എട്ടിന് കുർബാനയ്ക്കു മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ ബാവ നേതൃത്വം നൽകും. സി.ബി.സി.ഐ. പ്രസിഡന്റ് കർദിനാൾ ആന്റണി പൂള വചനസന്ദേശം നൽകും. തുടർന്നു കബറിടത്തിൽ ധൂപ പ്രാർഥനയും ശ്രാദ്ധസദ്യയും നടക്കും. 10 നു മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് സഭാതല സമിതി നേതൃത്വം നൽകുന്ന പ്രധാന തീർഥാടന പദയാത്ര റാന്നി പെരുനാട്ടിൽനിന്നാരംഭിക്കും. ധന്യൻ മാർ ഇവാനിയോസിന്റെ ജന്മസ്ഥലമായ മാവേലിക്കരയിൽനിന്നുള്ള പദയാത്ര ഒൻപതിന് ആരംഭിക്കും. മാർത്താണ്ഡത്തുനിന്നുള്ള പദയാത്രയ്ക്കും പാറശാലയിൽനിന്നുള്ള പദയാത്രയ്ക്കും 13 ന് തുടക്കമാകും. തിരുവല്ല, മൂവാറ്റുപുഴ, പുത്തൂർ, ഒഡീഷ, ഡൽഹി എന്നിവിടങ്ങളിൽനിന്നുള്ള പദയാത്രാ സംഘങ്ങൾ വിവിധ സ്ഥലങ്ങളിൽ പ്രധാന പദയാത്രയോടു ചേരും. ഒന്നു മുതൽ 14 വരെ എല്ലാ ദിവസവും രാവിലെ ഒൻപതു മുതൽ വൈകിട്ട് അഞ്ചു വരെ കബറിടത്തിൽ അഖണ്ഡ പ്രാർഥന നടക്കും.

**പരസ്യം**
... ഉപയോഗിക്കുന്നതാണ്.
സ്ഥലം: പല്ലാരിമംഗലം, തീയതി 24.06.2026 ... W/O ...
മൂവാറ്റുപുഴ, Ph: 7510428952

**പരസ്യം**
എന്റെ കക്ഷിയായ എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, തെക്കുംഭാഗം വില്ലേജ്, ചൂരക്കാട്ട്, തൃപ്പൂണിത്തുറ പി.ഒ., പിൻ-682301, ചേന്നോത്ത് വീട്ടിൽ താമസം ഗോവിന്ദ പണിക്കർ മകൻ മുരളീധരൻ സി.ജി. പേർക്ക് തൃപ്പൂണിത്തുറ സബ്‌രജിസ്ട്രിയിലെ 5243/1981-ാം നമ്പർ തീറാധാരപ്രകാരം സിദ്ധിച്ച നടമ വില്ലേജ് സർവ്വെ 1042/1 ൽ പെട്ട 2.43 ആർ (ഇപ്പോൾ 8422-ാം നമ്പർ തണ്ടപ്പേർ അക്കൗണ്ട് പ്രകാരം റീ സർവ്വെ ബ്ലോക്ക് 259, റീ സർവ്വെ നമ്പർ 27 ൽ പെട്ട 2.60 ആർ) വസ്തുവകകൾ എന്റെ കക്ഷിക്ക് സിദ്ധിച്ച് കൈവശം വച്ചനുഭവിച്ചുവരുന്നതാകുന്നു. അപ്രകാരം സിദ്ധിച്ച തൃപ്പൂണിത്തുറ സബ്‌രജിസ്ട്രിയിലെ 5243/1981-ാം നമ്പർ തീറാധാരത്തിന്റെ അസ്സൽ എന്റെ കക്ഷിയുടെ കൈവശത്തിൽ നിന്നും തിരിച്ചുകിട്ടാനാവാത്തവിധം നഷ്ടപ്പെട്ടു പോയിട്ടുള്ളതാകുന്നു. ടി രജിസ്ട്രിയിലെ 5243/1981-ാം നമ്പർ തീറാധാരത്തിന്റെ അസ്സൽ എന്റെ കക്ഷിയോ മറ്റാരുമോ എവിടെയും പണയപ്പെടുത്തുകയോ കോർട്ട് ജാമ്യം ജാമ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ടി വസ്തുവകകളെ സംബന്ധിച്ചോ യാതൊരുവിധ കേസുകളോ തർക്കങ്ങളോ ഇല്ലാത്തതാകുന്നു. ടി 5243/1981-ാം നമ്പർ തീറാധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി അസ്സൽ പോലെ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് ഏതെങ്കിലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ആക്ഷേപമുണ്ടെങ്കിൽ ഇത് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 10 ദിവസത്തിനകം രേഖാമൂലം എന്നെ അറിയിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.
2026 ജൂൺ മാസം 26-ാം തീയതി.
സി.ദേവാനന്ദ്, അഡ്വക്കേറ്റ്,
എൻറോൾമെന്റ് നമ്പർ. K/190/1987,
ലോ അസോസിയേറ്റ്സ്,
തൃപ്പൂണിത്തുറ - 682 301

**ഇ - ലേല പരസ്യം**
(കേടുപാടുകൾ സംഭവിച്ച വിവിധ ടെലികോം ഉപകരണങ്ങൾ: 100 & 600 AH ബാറ്ററി സെല്ലുകൾ, ഡിജി ട്രാക്കിംഗ് സിസ്റ്റം, ഡിജി സെറ്റുകൾ, പിഐയു, റെക്റ്റിഫയർ മോഡ്യൂളുകൾ, എസ്എംപിഎസ്, എസ്പിഎസ്)
M/S ഇൻഡസ് ടവർ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ളതും... 9990857386.
**സാൽവർ സെറ്റ്ലേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (ലേലക്കാർ)**
രജിസ്റ്റേർഡ് ഓഫീസ്: 203, രണ്ടാം നില, ... ഡൽഹി - 110033
അപേക്ഷകൾ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യുക: www.salvorsettlers.com
ഇ-ലേല ഫോം സമർപ്പിക്കേണ്ട അവസാന തീയതി 03/07/26 ഉച്ചയ്ക്ക് 12:30 മണിക്ക് മുൻപായി.

## അപകീർത്തികരമായ പരാമർശം: വീണ്ടും പരാതിപ്പെട്ട് അൻസിബ

**കൊച്ചി:** സാമൂഹിക മാധ്യമത്തിലൂടെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയെന്നാരോപിച്ച് സിനിമാനടി അൻസിബ ഹസൻ വീണ്ടും പോലീസ് സ്റ്റേഷനിൽ.

ആഭ്യന്തര പ്രശ്നങ്ങളെത്തുടർന്ന് സിനിമാ സംഘടനയായ 'അമ്മ'യുടെ പ്രസിഡന്റ് പദത്തിൽനിന്നു രാജിവച്ച ശ്വേതാ മേനോൻ, വൈസ് പ്രസിഡന്റ് ലക്ഷ്മിപ്രിയ എന്നിവർക്കെതിരേ അൻസിബ ഇന്നലെ പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ പരാതി നൽകി. സ്ത്രീത്വത്തെ അപമാനിക്കൽ, ഗൂഢാലോചന, വ്യാജവാർത്തകൾ കെട്ടിച്ചമച്ച് പ്രചരിപ്പിക്കുന്നു തുടങ്ങിയ പരാതികളാണ് ഉന്നയിച്ചത്. സംഘടനയിലെ തർക്കത്തെത്തുടർന്ന് എക്സിക്യൂട്ടീവ് അംഗമായ അൻസിബയാണ് ആദ്യം രാജിവച്ചത്. തുടർന്ന് ടിനിടോം, ലക്ഷ്മിപ്രിയ എന്നിവർക്കെതിരേ അവർ പോലീസിൽ പരാതി നൽകി. മൊഴികളുടെ അടിസ്ഥാനത്തിൽ പരാതിയിൽ കഴമ്പില്ലെന്നായിരുന്നു പോലീസ് റിപ്പോർട്ട്. അതിനിടെ ലക്ഷ്മിപ്രിയ നൽകിയ പരാതിയിൻമേൽ തൃപ്പൂണിത്തുറ വനിതാ സെൽ എസ്.ഐ. രേഷ്മ സ്റ്റേഷനിൽ വിളിച്ചുവരുത്തി അപമാനിച്ചുവെന്നു കാട്ടി അൻസിബ മറ്റൊരു പരാതിയും നൽകി. ഈ പരാതിയിൽ പോലീസ് തുടർനടപടി എടുക്കാത്തതിനെ തുടർന്ന് കോടതിയെ സമീപിച്ച് സംഭവത്തിൽ അന്വേഷണം നടത്തണമെന്ന വിധി അൻസിബ നേടിയിരുന്നു. നിലവിൽ തൃപ്പൂണിത്തുറ, കടവന്ത്ര, പാലാരിവട്ടം സ്റ്റേഷനുകളിൽ അൻസിബയുടെ പരാതികളുണ്ട്.

## ഡാറ്റ സയൻസിൽ ബി.ടെക് സി.എസ്.ഇ. പ്രോഗ്രാം

**കൊച്ചി:** വിദ്യാർഥികളെ എഐ, ഡാറ്റ സയൻസ്, എൻറർപ്രൈസ് സാങ്കേതികവിദ്യകൾ എന്നിവയിൽ പ്രാവീണ്യമുള്ളവരാക്കുകയെന്ന ലക്ഷ്യത്തോടെ ഊർജ-പെട്രോളിയം സർവകലാശാല (യു.പി.ഇ.എസ്.) സെയിൽസ്ഫോഴ്സുമായി സഹകരിച്ച് ഡാറ്റ സയൻസിൽ സ്പെഷ്യലൈസേഷനോടുകൂടിയ ബി.ടെക് കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് (സി.എസ്.ഇ.) പ്രോഗ്രാം ആരംഭിക്കും.

ഇതിന്റെ ഭാഗമായി സർവകലാശാലയിൽ സെയിൽസ്ഫോഴ്സ് അക്കാദമിയ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുകയും വിദ്യാർഥികൾക്ക് എഐ, ഡാറ്റ അനലിറ്റിക്സ്, എൻറർപ്രൈസ് പ്ലാറ്റ്ഫോമുകൾ, ഇൻറലിജന്റ് ഓട്ടോമേഷൻ തുടങ്ങിയ മേഖലകളിൽ പ്രായോഗിക പരിശീലനവും ആഗോള സർട്ടിഫിക്കേഷനുകളും ലഭ്യമാക്കുകയും ചെയ്യും. വ്യവസായ-അക്കാദമിക് സഹകരണത്തിന്റെ ട്രിപ്പിൾ-സി മാതൃകയിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ പദ്ധതിയിലൂടെ വിദ്യാർഥികൾക്ക് പഠനകാലത്തുതന്നെ വ്യവസായ പരിചയം, ഗവേഷണാവസരങ്ങൾ, ഇൻറേൺഷിപ്പുകൾ എന്നിവ ലഭ്യമാകുമെന്ന് അധികൃതർ അറിയിച്ചു.

## ബൻസൺ തോമസ് ജോർജ് ആഗോള റോബോട്ടിക്സ് ജഡ്ജിങ് പാനലിൽ

■ ബൻസൺ തോമസ് ജോർജ്

**കൊച്ചി:** ലോകത്തിലെ ഏറ്റവും വലിയ എസ്.ടി.ഇ.എം. (സ്റ്റെം - സയൻസ്, ടെക്നോളജി, എൻജിനീയറിങ്, മാത്തമാറ്റിക്സ്) പ്രോത്സാഹക സംഘടനയായ ഫസ്റ്റ് അമേരിക്കയിലെ ഇൻഡ്യാനയിൽ സംഘടിപ്പിക്കുന്ന പ്രമുഖ രാജ്യാന്തര മത്സരത്തിന്റെ വിധിനിർണയ സമിതിയിലേക്ക് പ്രമുഖ റോബോട്ടിക്സ് വിദഗ്ധനും ദുബായ് ആസ്ഥാനമായ യൂണീക് വേൾഡ് റോബോട്ടിക്സ് സ്ഥാപകനുമായ ബൻസൺ തോമസ് ജോർജ് തിരഞ്ഞെടുക്കപ്പെട്ടു.

കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പ് ആണ് യുണിക് വേൾഡ് റോബോട്ടിക്സ്. ലോകമെമ്പാടുമുള്ള വിദ്യാർഥികൾക്ക് അത്യാധുനിക സാങ്കേതികവിദ്യകളിൽ നേരിട്ട് പ്രായോഗിക പരിചയം നേടാനും സമൂഹത്തെ സ്വാധീനിക്കുന്ന പ്രോജക്ടുകൾ വികസിപ്പിക്കാനും എഫ്.ടി.സി. പോലുള്ള വേദികൾ വലിയ അവസരമാണ് നൽകുന്നതെന്ന് ബൻസൺ തോമസ് പറഞ്ഞു. ശാസ്ത്ര സാങ്കേതിക മേഖലകളിൽ ആഗോളതലത്തിൽ ഏറ്റവും സ്വാധീനമുള്ള സംഘടനയായ ഫസ്റ്റ്, 12 മുതൽ 18 വയസ് വരെയുള്ള വിദ്യാർഥികൾക്കായി നടത്തുന്ന മത്സരമാണ് ഫസ്റ്റ് ടെക് ചലഞ്ച്. യുഎസിലെ ഇൻഡ്യാന സ്റ്റേറ്റിലെ സൗത്ത് ബെൻഡിൽ നടന്ന എഫ്ടിസി മിഷിഗാനാ പ്രീമിയർ ഇവന്റ് 2026 ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നായി ഏകദേശം 106 പ്രമുഖ ടീമുകളാണ് പങ്കെടുത്തത്.

## പെരുമ്പാവൂരിൽ അതിഥി തൊഴിലാളി മരിച്ച നിലയിൽ; മരണ കാരണം അമിത ലഹരി ഉപയോഗമെന്ന്

**പെരുമ്പാവൂർ:** പെരുമ്പാവൂർ ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് എതിർവശം താഴത്തെ ബസ് സ്റ്റാൻഡിനു സമീപത്തെ ഒഴിഞ്ഞ ഷെഡിൽ അതിഥി തൊഴിലാളിയെ മരിച്ച നിലയിൽ കണ്ടെത്തി. അമിതമായ ലഹരി ഉപയോഗമാണ് മരണത്തിലേക്ക് നയിച്ചതെന്നാണ് പോലീസിന്റെ പ്രാഥമിക നിഗമനം. അതിഥി തൊഴിലാളികൾ കൂട്ടമായി ലഹരി ഉപയോഗിക്കാൻ എത്തുന്ന നഗരമധ്യത്തിലെ ഷെഡിലാണ് മൃതദേഹം കണ്ടത്. വിവരമറിഞ്ഞ് പെരുമ്പാവൂർ പോലീസ് സ്ഥലത്തെത്തി മൃതദേഹം താലൂക്ക് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. മരിച്ചയാളെ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല.

സംഭവത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി സമീപ പ്രദേശങ്ങളിലെ സിസിടിവി ദൃശ്യങ്ങൾ ശേഖരിച്ച് പോലീസ് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഓപ്പറേഷൻ തൂഫാൻ പ്രകാരം ലഹരി വേട്ട ശക്തമായി മുന്നോട്ടു പോകുന്നുണ്ടെങ്കിലും പോലീസിന്റെ കണ്ണ് വെട്ടിച്ച് ആളൊഴിഞ്ഞ ഇടങ്ങളിൽ ലഹരി ഉപയോഗം തുടരുകയാണ്. പ്രൈവറ്റ് ബസ് സ്റ്റാൻഡ് പരിസരവും നഗരത്തിലെ ഒഴിഞ്ഞ ഷെഡുകളും ലഹരി ഉപയോഗ കേന്ദ്രങ്ങളായി മാറിയിട്ട് കാലമേറെയായി.

പോലീസ് പരിശോധന കർശനമാക്കിയതോടെ ലഹരി സംഘങ്ങൾ പെരുമ്പാവൂർ ടൗണിൽ നിന്ന് മാറി കുറുപ്പുംപടി, കോടനാട് ഭാഗങ്ങളിലേക്ക് വ്യാപിച്ചതായി നാട്ടുകാർ പറയുന്നു. പെരുമ്പാവൂർ നഗരത്തിൽ അതിഥി തൊഴിലാളികളുടെ ലഹരി ഉപയോഗവും അതുമായി ബന്ധപ്പെട്ട മരണങ്ങളും തുടർക്കഥയാകുന്നത് ഗുരുതരമായ സാമൂഹിക പ്രശ്നമായി മാറിയിരിക്കുകയാണ്.

പകൽ സമയങ്ങളിൽ പോലും ആളൊഴിഞ്ഞ ഷെഡുകളിലും കെട്ടിടങ്ങളിലും കൂട്ടമായി ലഹരി ഉപയോഗം നടക്കുന്നുണ്ടെന്നാണ് പ്രദേശവാസികളുടെ പരാതി. ഇവരെ തടയാനോ ചോദ്യം ചെയ്യാനോ ആരും തയ്യാറാകുന്നില്ലെന്നും ആക്ഷേപമുണ്ട്.

ലഹരി മാഫിയയുടെ വലയിൽ അകപ്പെടുന്ന അതിഥി തൊഴിലാളികളുടെ എണ്ണം വർധിക്കുന്നത് ക്രമസമാധാന പ്രശ്നങ്ങൾക്കും വഴിവെക്കുന്നുണ്ട്. നഗരമധ്യത്തിലും പ്രാന്തപ്രദേശങ്ങളിലും ലഹരി സംഘങ്ങളുടെ സ്വൈര്യ വിഹാരം തടയാൻ പോലീസിന്റെയും എക്സൈസിന്റെയും ലേബർ വകുപ്പിന്റെയും സംയുക്തവും കർശനവുമായ ഇടപെടൽ വേണമെന്ന ആവശ്യം ശക്തമാണ്.

തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണവും പുനരധിവാസ പദ്ധതികളും നടപ്പാക്കണമെന്നും സാമൂഹിക പ്രവർത്തകർ ചൂണ്ടിക്കാട്ടുന്നു.

## ചാവറ എഡ്യുഫെസ്റ്റ് 2026

**കൊച്ചി:** ചാവറ കൾച്ചറൽ സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് ഏവിയേഷൻ, ചാവറ ഫിലിം സ്കൂൾ എന്നിവയുടെ സഹകരണത്തോടെ ഇന്നു രാവിലെ 10 മുതൽ 6 മണി വരെ കൊച്ചി ചാവറ കൾച്ചറൽ സെന്ററിൽ വച്ച് ചാവറ എഡ്യുഫെസ്റ്റ് 2026, വിദ്യാഭ്യാസമേള സംഘടിപ്പിക്കുന്നു. ടി.ജെ വിനോദ് എം.എൽ.എ എഡ്യുഫെസ്റ്റ് ഉദ്ഘാടനം ചെയ്യും. സംവിധായകനും ഛായാഗ്രഹനുമായ അഴകപ്പൻ മുഖ്യാതിഥിയായിരിക്കും. സംവിധായകനും ചാവറ ഫിലിം സ്കൂൾ അക്കാദമിക് മേധാവിയുമായ പ്രജേഷ് സെൻ, ഷെഫ് നളൻ, ജെയിൻ യൂണിവേഴ്സിറ്റി ബി വോക്ക് ഡിപ്പാർട്ട്മെന്റ് റീജണൽ ഹെഡ് നന്ദകുമാർ, കൗൺസിലർ കെ.വി.പി കൃഷ്ണകുമാർ, കൊച്ചി മാരിയറ്റ് ചീഫ് ഷെഫ് സുരേഷ് ബാബു, ഇൻഡിഗോ എയർലൈൻസ് ക്യാബിൻ ക്രൂ ലീഡ് നിവേദിത, കൊച്ചി ക്രൗൺ പ്ലാസ ചീഫ് കുലിനറി ഓഫീസർ ഷെഫ് കലേഷ് കെ.എസ്, ചാവറ കൾച്ചറൽ സെന്റർ ഫിനാൻസ് അഡ്മിനിസ്ട്രേറ്റർ ഫാ.എമിൽ പുള്ളിക്കാട്ടിൽ, സെന്റ് ജോസഫ് മൊണാസ്റ്ററി സുപ്പീരിയർ ഫാ.മാത്യു കോയിക്കര എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കും. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ.അനിൽ ഫിലിപ്പ് അധ്യക്ഷത വഹിക്കും.

## വിലനിലവാരം

### ● സ്വർണ വില ഉയർന്നു

**● വെളിച്ചെണ്ണ**

| | |
|---|---|
| വെളിച്ചെണ്ണ | 22,200 |
| വെളിച്ചെണ്ണ: മില്ലിങ് | 22,700 |
| കൊപ്ര | 12,900–13,100 |

**● പിണ്ണാക്ക്**

| | |
|---|---|
| എക്സ്പെല്ലർ | 3300 |
| പിണ്ണാക്ക് റോട്ടറി | 3900 |

**● കുരുമുളക്**

| | |
|---|---|
| അൺഗാർബിൾഡ് | 69,800 |
| പുതിയ കുരുമുളക് | 68,800 |
| കുരുമുളക് ഗാർബിൾഡ് | 71,800 |

**● ചുക്ക്**

| | |
|---|---|
| മീഡിയം | 32,500 |
| ചുക്ക് ബെസ്റ്റ് | 35,000 |

**● മഞ്ഞൾ**

| | |
|---|---|
| നാടൻ | 15,500–16,000 |
| സേലംഈറോഡ് | ഇല്ല |
| കാഞ്ഞിരകുരു | 1850 |
| അടയ്ക്ക | 39,000 |
| അടയ്ക്ക പുതിയത് | 39,000 |
| പഞ്ചസാര | 4400 |
| മുളക് | 19000 |
| ഉഴുന്ന് | 9600–10,700 |
| ചെറുപയർ | 10000–13,600 |
| കടല | 8100–10100 |
| മുതിര | 5000 |
| എള്ള് | 22,000 |
| മല്ലി | 7800–9200 |
| പച്ചരി നമ്പർ.1 | 4700 |
| പുഴുക്കലരി ജയ | 4200–4500 |

**● ജാതിക്ക**

| | |
|---|---|
| തൊണ്ടൻ | (കിലോ 280–330) |
| ജാതിക്ക തൊണ്ടില്ലാത്ത് | 600–640 |
| ജാതിപത്രിചുവപ്പ്മഞ്ഞ | 1400–1500 |
| ജാതി ഫ്ളവർ ചുവപ്പ് | 1500–2000 |
| ജാതി ഫ്ളവർ മഞ്ഞ | 2100–2200 |
| ഗ്രാമ്പൂ | 800–900 |

**● കാലടി വിപണി**

| | |
|---|---|
| ജാതിക്കതൊണ്ടൻ–കിലോ | 280–300 |
| ജാതിക്കതൊണ്ടില്ലാത്ത് | 600–640 |
| ജാതിപത്രിചുവപ്പ്മഞ്ഞ | 1400–1500 |
| ഫ്ളവർ ചുവപ്പ്മഞ്ഞ | 1900–2200 |

**● സ്വർണം**

| | |
|---|---|
| സ്വർണം പവൻ | 1,04,680 |
| സ്വർണം ഗ്രാം | 13,085 |

**സ്വർണം അവധി വ്യാപാരം**

| | |
|---|---|
| ഓഗസ്റ്റ് | 141819 |
| ഒക്ടോബർ: | 145029 |

**● റബർ കൊച്ചി**

| | |
|---|---|
| ആർഎസ്എസ് 5 | 26,300 |
| ആർഎസ്എസ് 4 | 26,600 |
| ഒട്ടുപാൽ | 17000 |
| ലാറ്റക്സ് | 16000 |

**റബർ ബോർഡ്**

**● കോട്ടയം**

| | |
|---|---|
| ആർ.എസ്.എസ്.4 | 27200 |
| ആർ.എസ്.എസ്.5 | 26700 |
| ഐ.എസ്.എൻ.ആർ–20 | 22800 |
| ലാറ്റക്സ് | 16855 |

**● ബാങ്കോക്ക്**

| | |
|---|---|
| ആർ.എസ്.എസ്. 1 | 29186 |
| ആർ.എസ്.എസ്. 2 | 29016 |
| ആർ.എസ്.എസ്. 3 | 28860 |
| ആർ.എസ്.എസ്. 4 | 28775 |
| ആർ.എസ്.എസ്. 5 | 28732 |

**● ക്വലാലംപൂർ**

| | |
|---|---|
| എസ്.എം.ആർ–20 | 21293 |
| ലാറ്റക്സ് 60% | 18290 |

**● പൈനാപ്പിൾ വില**

പച്ച: 48, പഴം: 64 (പൈനാപ്പിൾ ഗ്രോവേഴ്സ് അസോസിയേഷൻ)

പച്ച: 45, പഴം: 59 (പൈനാപ്പിൾ മർച്ചന്റ്സ് അസോസിയേഷൻ)

**● ആലപ്പുഴ മാർക്കറ്റ്**

| | |
|---|---|
| വെളിച്ചെണ്ണ | 22700–23200 |
| കൊപ്ര തെളിവ് | 12800 |
| കൊപ്ര ഓടെ | 12850 |
| കൊപ്ര രാശി | 12900 |
| സ്വർണം ഒരു ഗ്രാം | 12955 |
| സ്വർണം എട്ടു ഗ്രാം | 104680 |
| തങ്കം 10 ഗ്രാം | 133850 |
| വെള്ളി ഒരു കിലോ | 240000 |

## അമൃത ആയുർവേദ മെഡിക്കൽ കോളജിന് എൻ.എ.ബി.എച്ച്. അംഗീകാരം

**കൊല്ലം:** അമൃതപുരി അമൃത വിശ്വവിദ്യാപീഠം സ്കൂൾ ഓഫ് ആയുർവേദ ആശുപത്രിക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചു. ആയുർവേദ ചികിത്സ, രോഗീസുരക്ഷ, ആരോഗ്യപരിചരണം എന്നിവയിൽ ആശുപത്രി പുലർത്തുന്ന ഉയർന്ന നിലവാരം പരിഗണിച്ചാണ് അംഗീകാരം.

ആയുർവേദ ചികിത്സാരംഗത്തെ ഗുണനിലവാരത്തിനും രോഗീസുരക്ഷയ്ക്കും നൽകുന്ന പ്രധാന ദേശീയ അംഗീകാരങ്ങളിലൊന്നാണ് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ. മികച്ച ചികിത്സാ സേവനങ്ങൾ തുടരാൻ അംഗീകാരം ആശുപത്രിക്കു പ്രചോദനമാകുമെന്നു മെഡിക്കൽ ഡയറക്ടറും ഡീനുമായ സ്വാമി ശങ്കരാമൃതാനന്ദ പുരി പറഞ്ഞു.

## വിനിമയം

| | |
|---|---|
| ഡോളർ | 94.39 |
| യൂറോ | 107.62 |
| പൗണ്ട് | 124.76 |
| സ്വിസ്ഫ്രാങ്ക് | 116.73 |
| സിംഗപ്പൂർ ഡോളർ | 72.93 |
| ആസ്ട്രേലിയൻ ഡോളർ | 65.72 |
| കനേഡിയൻ ഡോളർ | 66.56 |
| ബഹറിൻ ദിനാർ | 250.36 |
| കുവൈറ്റ് ദിനാർ | 306.52 |
| ഒമാനി റിയാൽ | 245.22 |
| സൗദി റിയാൽ | 25.13 |
| യുഎഇ ദിർഹം | 25.70 |
| ഖത്തർ റിയാൽ | 25.89 |